മന്ത്രിമാർക്കെതിരെയുള്ള കേസ്സുകൾ

8 (941) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള മന്ത്രിമാരിൽ ആരുടെയെല്ലാം പേരിൽ ലോകായുക്ത മുൻപാകെ കേസ്സുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത കേസ്സുകളിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ&ബി) വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്ത്രിമാരുടെ വാഹനംതട്ടി മരിച്ചവർ

9 (942) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാരുടെ കാർ തട്ടി മരണം ഉണ്ടായിട്ടുണ്ട്. ആരെല്ലാമാണ് ഇപ്രകാരം മരിച്ചത് ;

(ബി) ഈ കാലഘട്ടത്തിൽ മന്ത്രിമാരുടെ കാർമുട്ടി ആർക്കെല്ലാം അപകടം ഉണ്ടായിട്ടുണ്ട് ;

(സി) ഇതേ കാലഘട്ടത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ അകമ്പടി വാഹനങ്ങൾ തട്ടി എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട് ?

ഉത്തരം

(എ-സി) മന്ത്രിമാരുടെ കാർമുട്ടി 9 (ഒൻപത്) പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. മന്ത്രിമാരുടെ അകമ്പടി വാഹനങ്ങൾ തട്ടി 4 (നാല്) പേർക്ക് പരുക്കുപറ്റിയിട്ടുണ്ട്. അതിൽ ഓട്ടോ ഡ്രൈവർ ജിനരാജൻ മരണമടഞ്ഞിട്ടുണ്ട്. എസ്കോർട്ട് വാഹനം തട്ടി നാലുപേർക്ക് പരിക്കുപറ്റിയിട്ടുണ്ട്.

ഗവൺമെന്റ് സെക്രട്ടറിമാരുടെ സെല്ലുലാർ ഫോൺ

10 (943) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ഗവൺമെന്റ് സെക്രട്ടറിമാർക്കും വകുപ്പുമേലധ്യക്ഷൻമാർക്കും ഗവൺമെന്റ് ചെലവിൽ സെല്ലുലാർ ഫോൺ നൽകിയിട്ടുണ്ട് ;

(ബി) എന്നുമുതലാണ് ഇവർക്ക് സെല്ലുലാർ ഫോൺ നൽകിയിട്ടുള്ളത് ;

(സി) ഇവരുടെ ഓരോരുത്തരുടേയും സെൽഫോണുകൾക്ക് ഇതുവരെ ഫോൺകോൾ ഇനത്തിൽ എന്തുചെലവ് വന്നിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചീഫ് സെക്രട്ടറിക്ക് മാത്രമേ ഗവൺമെന്റ് ചെലവിൽ ഫോൺ നൽകിയിട്ടുള്ളൂ.

(ബി) രണ്ടായിരം മാർച്ച് മാസം മുതൽക്കാണ് ചീഫ് സെക്രട്ടറിക്ക് സെല്ലുലാർ ഫോൺ നൽകിയിട്ടുള്ളത്.

(സി) ഇതുവരെ 26,071 രൂപ (ഇരുപത്തിയാറായിരത്തി എഴുപത്തി ഒന്നു രൂപ മാത്രം) ഈ ഇനത്തിൽ ചെലവായിട്ടുണ്ട്.

ഗവൺമെന്റ് ജീവനക്കാരുടെ രാഷ്ട്രീയബന്ധം

11 (944) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഗവൺമെന്റ് സർവന്റ്സ് കോൺടാക്ട് റൂൾ അനുസരിച്ച് ഗവൺമെന്റ് ജീവനക്കാർ രാഷ്ട്രീയ കക്ഷികളിൽ അംഗമാക്കുന്നതും രാഷ്ട്രീയ കക്ഷികൾക്കുവേണ്ടി രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതും നിയമാനുസൃതമാണോ ;

(ബി) അല്ലാത്തപക്ഷം രാഷ്ട്രീയ കക്ഷികളിൽ അംഗമാകുകയും രാഷ്ട്രീയ പ്രവർത്തനം നടത്തുകയും ചെയ്യുന്ന ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരുടെമേൽ എന്ത് നടപടിയാണെടുക്കുന്നത് ;

(സി) കേരള ജയിൽ സ്റ്റേറ്റ് സർവ്വീസിലും കേരള ജയിൽ സബോഡിനേറ്റ് സർവ്വീസിലുംപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരെ രാഷ്ട്രീയ പാർട്ടി അംഗങ്ങളാക്കുന്നതിനും രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിനും പ്രത്യേകമായി അനുവദിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിലും സബ്ജയിലുകളിലും സി.പി.ഐ. (എം) ബ്രാഞ്ച് കമ്മിറ്റികളും കോർ കമ്മിറ്റികളും പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഇ) തിരുവനന്തപുരം സെൻട്രൽ ജയിലിലും കണ്ണൂർ സെൻട്രൽ ജയിലിലും സി.പി.ഐ (എം) കോർ കമ്മിറ്റി പ്രവർത്തിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത സെൻട്രൽ ജയിലുകളിലെ രാഷ്ട്രീയ കക്ഷി അംഗങ്ങളുടെ മേൽ എന്തെല്ലാം നടപടിയെടുത്തു എന്ന് പറയുമോ ?

ഉത്തരം

(എ) 1960-ലെ കേരളാ ഗവൺമെന്റ് സർവന്റ്സ് കോൺട്രാക്റ്റ് റൂളിലെ റൂൾ 67 അനുസരിച്ച് സർക്കാർ ഉദ്യോഗസ്ഥന്മാർ രാഷ്ട്രീയ പാർട്ടികളിൽ അംഗമാകാനും രാഷ്ട്രീയ പ്രവർത്തനം നടത്താനും പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly